# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2258 17/06/2014-ൽ മറുപടിക്ക്

## ആദിവാസി പുനരധിവാസ വികസന മിഷൻ

**ചോദ്യം** **മറുപടി**

| | | | |
|---|---|---|---|
| | ശ്രീ. എ.കെ. ബാലൻ : | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) | ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഈ സർക്കാർ വന്നതിന് ശേഷം എത്ര ഭൂമി വിതരണം ചെയ്തിട്ടുണ്ട്; എത്ര കുടുംബങ്ങൾക്ക് ഇതിന്റെ ഗുണം ലഭിച്ചു; എവിടെയെല്ലാമാണ് ഭൂമി വിതരണം ചെയ്തത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | എ | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന കൊല്ലം ജില്ലയിൽ 14 കുടുംബങ്ങൾക്ക് 40 സെന്റ് വീതവും, കണ്ണൂർ ജില്ലയിൽ 622 കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതവുമായി ആകെ 636 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്. |
| ബി | ഈ സർക്കാർ അധികാരമേറ്റ ശേഷം 2006-ലെ വനാവകാശ നിയമം അനുസരിച്ച് എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്; എത്ര ഭൂമി വിതരണം ചെയ്തു; എവിടെയെല്ലാമാണ് ഭൂമി വിതരണം ചെയ്തത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | ബി | ഈ സർക്കാർ അധികാരമേറ്റശേഷം 7223 കുടുംബങ്ങൾക്ക് വനാവകാശ നിയമം അനുസരിച്ച് 7050 ഏക്കർ ഭൂമിയ്ക്ക് കൈവശാവകാശ രേഖ വിതരണം ചെയ്തു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർക്കുന്നു. |
| സി | ഈ സർക്കാർ അധികാരമേറ്റശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി എത്ര രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്; അതിൽ എത്ര രൂപ ചെലവഴിച്ചു; എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് ചെലവഴിച്ചത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | സി | ഈ സർക്കാർ അധികാരമേറ്റ ശേഷം 2011-12 സാമ്പത്തികവർഷം വയനാട് ജില്ലയിൽ ഭൂമി വിലയ്ക്കു വാങ്ങുന്ന പദ്ധതിയ്ക്കായി 10 കോടി രൂപ ജില്ലാ ട്രൈബൽ മിഷന് അനുവദിച്ചിരുന്നു. 2011-12 ൽ 15 കോടി രൂപയും 2012-13 ൽ 20 കോടി രൂപയും, 2013-14 ൽ 20 കോടി രൂപയും ആദിവാസി പുനരധിവാസത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.<br>ഈ ഫണ്ട് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.<br>ഈ ഫണ്ട് ഉപയോഗിച്ച് റോഡ്, കുടിവെള്ളം, വൈദ്യുതി, ഭവന നിർമ്മാണം, ജീവനോപാധി പദ്ധതികൾ എന്നിവ വിവിധ പുനരധിവാസ മേഖലകളിൽ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | വിതരണം ചെയ്ത കൈവശാവകാശരേഖകൾ | വന ഭൂമിയുടെ അളവ് (ഏക്കർ) |
| --- | --- | --- |
| തിരുവനന്തപുരം | 1195 | 1614.489 |
| കൊല്ലം | 84 | 47.760 |
| പത്തനംതിട്ട | 58 | 102.380 |
| കോട്ടയം | 145 | 129.151 |
| ഇടുക്കി | 4449 | 3471.871 |
| എറണാകുളം | 277 | 933.250 |
| തൃശ്ശൂർ | 306 | 121.641 |
| പാലക്കാട് | 204 | 238.120 |
| മലപ്പുറം | 175 | 60.496 |
| കോഴിക്കോട് | 0 | 0.000 |
| വയനാട് | 237 | 199.340 |
| കണ്ണൂർ | 93 | 131.380 |
| **ആകെ** | **7223** | **7050** |

R.V.
സെക്ഷൻ ഓഫീസർ